(സി) വെള്ളത്തിന്റെ ലഭ്യത കണ്ടെത്തി വേനൽക്കാലത്തും വെള്ളം ലഭ്യമാക്കാൻ പറ്റുന്ന തരത്തിലുള്ള പുതിയ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും ചിലഭാഗങ്ങളിൽ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

(ബി) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വലുതും ചെറുതുമായ പദ്ധതികൾക്ക് പുറമേ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിയും സാങ്കേതികമായി സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിച്ചും, ശുദ്ധജല ലഭ്യതയനുസരിച്ച് പൈപ്പു ലൈനിന്റെ നീളം കൂട്ടിയും, അഡീഷണൽ പമ്പിംഗ് ഏർപ്പെടുത്തിയും, കേടായ പമ്പുസെറ്റുകൾ നന്നാക്കിയും, സ്രോതസ്സുകൾ പുനരുദ്ധരിച്ചും, വിപുലീകരിച്ചും, സപ്ലൈ വാൽവുകൾ നിയന്ത്രിച്ചും, ജലസ്രോതസ്സുകളിൽ താൽക്കാലിക ബണ്ടുകൾ നിർമ്മിച്ചും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) വേനൽക്കാലത്തെ വെള്ളത്തിന്റെ ലഭ്യതയെക്കുറിച്ച് പഠനം നടത്തി വേനൽക്കാലത്തും വെള്ളം ലഭ്യമാക്കാൻ പറ്റുന്ന തരത്തിലുള്ള പദ്ധതികളാണ് പൊതുവേ വിഭാവനം ചെയ്തുവരുന്നത്. പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ വർഷത്തിലെ എല്ലാ സമയത്തും വെള്ളം ലഭിക്കത്തക്കവിധം ആവശ്യമായ ഉറവിടങ്ങൾ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നു. കൂടാതെ ജലസ്രോതസ്സുകളിൽ തടയണകൾ നിർമ്മിച്ചും ജലസ്രോതസ്സുകൾ വിപുലീകരിച്ചും, പുനരുദ്ധരിച്ചും വേനൽക്കാലത്ത് വെള്ളം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ചെറുകിട വ്യവസായ സ്ഥാപനങ്ങളിലേയും ഹോട്ടൽ കോംപ്ലക്സുകളിലേയും വൈദ്യുതി മോഷണം തടയാൻ നടപടി

*23 [353] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
" വി. കെ. ഇബ്രാഹിം കുഞ്ഞ്:
" പി. കെ. അബ്ദുറബ്ബ്:
" പി. കെ. കെ. ബാവ:
" ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ചെറുകിട വ്യവസായ സ്ഥാപനങ്ങളിലും ഹോട്ടൽ കോംപ്ലക്സുകളിലും വൈദ്യുതി മോഷണം തടയാൻ വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ 2002-03 സാമ്പത്തിക വർഷത്തിൽ എടുത്തിട്ടുണ്ട്;

(സി) ഇതിൽ എത്രപേരെ ശിക്ഷിച്ചിട്ടുണ്ടെന്നും ഫൈൻ ഇനത്തിൽ എത്ര തുക ഈടാക്കിയെന്നും വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) വൻകിട ചെറുകിട വ്യവസായ സ്ഥാപനങ്ങളിലും ഹോട്ടൽ കോംപ്ലക്സുകളിലും മറ്റും വൈദ്യുതി മോഷണം തടയാൻ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ മൂന്ന് റീജിയണൽ ഓഫീസുകളും എട്ട് ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. ടി സ്ക്വാഡുകൾ വൈദ്യുതി മോഷണം കണ്ടു പിടിക്കുന്നതിനും തടയുന്നതിനുമായി അതാത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ മുഖാന്തിരം നടപടികൾ എടുക്കുന്നുണ്ട്. വൻകിട ചെറുകിട വ്യവസായ സ്ഥാപനങ്ങളും ഹോട്ടൽ കോംപ്ലക്സുകളും ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വൈദ്യുതി മോഷണം നടത്തുന്നതും ക്രമരഹിതമായി വൈദ്യുതി ഉപയോഗിക്കുന്നതും കണ്ടുപിടിച്ചാൽ വൈദ്യുതി മോഷണത്തിന് ക്രിമിനൽ കേസുകൾ ഫയൽ ചെയ്യുകയും കുറ്റക്കാരായ കറണ്ടു മോഷ്ടാക്കളെ അറസ്റ്റ് ചെയ്ത് പ്രോസിക്യൂട്ട് ചെയ്യുന്നതിന് ഡി.ജി.പി.-യോട് ആവശ്യപ്പെടുകയും ചെയ്യാറുണ്ട്. കൂടാതെ താഴെ പറയുന്ന നടപടികളും സ്വീകരിക്കുന്നുണ്ട്.

1. എനർജി മീറ്ററുകളിലെ സീലിംഗ് 100 ശതമാനം ഉറപ്പുവരുത്തുക.
2. ഇലക്ട്രോമെക്കാനിക്കൽ മീറ്ററുകൾ മാറ്റി പകരം ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.
3. സെക്ഷൻ ഓഫീസ് തലത്തിൽ എനർജി ഓഡിറ്റിംഗ് നടത്തുക.
4. സി. റ്റി.-കളും സി.റ്റി. കണക്റ്റുചെയ്തിട്ടുള്ള മീറ്ററുകളും സ്റ്റീൽ പെട്ടികളിലാക്കി സീൽ ചെയ്യുക.

(ബി) 2002-2003 സാമ്പത്തിക വർഷത്തിൽ പരിശോധനയിൽ അനധികൃത ഉപയോഗം, മോഷണം തുടങ്ങിയ അപാകതകൾ കണ്ടെത്തിയ 2061 ഉപഭോക്താക്കളിൽ 13 പേർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പോലീസ് കേസുകൾ നടന്നുകൊണ്ടിരിക്കുന്നു. ഫൈൻ ഇനത്തിൽ ഈ സാമ്പത്തിക വർഷം 3,41,16,405. (മൂന്ന് കോടി നാൽപ്പത്തിയൊന്ന് ലക്ഷത്തി പതിനാറായിരത്തി നാനൂറ്റി അഞ്ച് രൂപ) ഈടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly